# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതിക വിഭാഗം – എറണാകുളം ജില്ല – ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് – ചെങ്ങമനാട് വില്ലേജ് – **പെട്രോൾ പമ്പ് നിർമ്മാണം** – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19.10.19-ലെ എ 3-3404/2019 നമ്പർ കത്ത്

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 05.12.2019 - ലെ TCPEKM/2214/2019-C നമ്പർ കത്ത്.

==========================================================================

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നം. **TCPCTP/3112/2019-C3** തീയതി: **03/01/2020**

==========================================================================

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് നം. 7 ൽ റീ സർവ്വേ നം. 254/3-1, 254/3-3, 254/3-4, 254/4, 254/18 – ൽ ഉൾപ്പെട്ട 2464 $m^2$ (60.886 cents) വസ്തുവിൽ സെയിൽസ് ബിൽഡിംഗ് 75.58 $m^2$, കാനോപ്പി 533 $m^2$ ഉൾപ്പെടെ ആകെ 608.58 $m^2$ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. റീന ബേബി, ശ്രീ. പി. എസ്. ബേബി എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ. പി. ബി. ആർ 2011 – നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ – ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെപി.ബി.ആർ 2011 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. ഫയർ ഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി. ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. നേടിയിരിക്കണം.

5. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവ. സർക്കുലറുകൾ KLU Order 1967 എന്നിവ ബാധകമാകുന്നപക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
6. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. കെപി.ബി.ആർ 2011 61 (6), 61 (9) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയും, ജില്ലാ കളക്ടറുടെയും അനുമതി ലഭ്യമാക്കേണ്ടതാണ്.
8. കെപി.ബി.ആർ 2011 61 (10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
9. കെപി.ബി.ആർ 2011 61 (16), 61 (17) പ്രകാരം in-situ liquid waste management treatment plant, മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ പ്ലാനിൽ കാണിച്ചിട്ടുള്ളത് സജ്ജീകരിച്ചിട്ടുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നം. 169/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി
ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത്

പകർപ്പ്:- 1. ശ്രീമതി. റീന ബേബി & ശ്രീ. പി. എസ്. ബേബി, Pathinaruparayil, Neendoor.P.O, Kottayam - 686601.
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

8a/01.01.2020